II ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): കൃഷിയും കയറും വകുപ്പുമന്ത്രി ശ്രീമതി കെ. ആർ. ഗൗരിയമ്മ, ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. ശങ്കരനാരായണൻ എന്നിവരും ഞാനും ഉൾപ്പെട്ട ക്യാബിനറ്റ് സബ് കമ്മിറ്റി 17-7-2004 ശനിയാഴ്ച വയനാട് ജില്ലയിലെ വിവിധ കേന്ദ്രങ്ങൾ സന്ദർശിക്കുകയും അവിടുത്തെ സ്ഥിതിവിശേഷം നേരിട്ട് പഠിക്കുകയും ചെയ്തു. ജില്ലാ കളക്ടറും ജില്ലാ കൃഷി ഓഫീസറും മറ്റു ജില്ലാതല ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ചേർന്ന്, ആത്മഹത്യ ചെയ്ത താഴെ പറയുന്നവരുടെ ഭവനങ്ങൾ സന്ദർശിക്കുകയുണ്ടായി.

1. ശ്രീ. കെ. ദാമോദരൻ, S/o കൃഷ്ണൻ, മാങ്ങാട്ടുപറമ്പിൽ വീട്, പാരിറ്റി, കുന്നത്തിടവക വില്ലേജ്, വൈത്തിരി താലൂക്ക്

2. ശ്രീ. എൻ. വി. പൗലോസ്, S/o വർക്കി, നരിവേലിൽ വീട്, വാഞ്ഞോട് പി.ഒ., കാഞ്ഞിരങ്ങാട്ട് വില്ലേജ്, മാനന്തവാടി താലൂക്ക്

3. രാജീവ് എന്ന റെജി, S/o രാമൻകുട്ടി, പാലോളിക്കൽ, അമരക്കുറ്റി, പാടിച്ചിറ വില്ലേജ്, സുൽത്താൻ ബത്തേരി താലൂക്ക്

4. ശ്രീ. ജോണി, S/o തോമസ്, തെക്കാനാംകുന്നേൽ വീട്, മുള്ളൻകൊല്ലി, പാടിച്ചിറ വില്ലേജ്, സുൽത്താൻ ബത്തേരി താലൂക്ക്

5. ശ്രീ. ഉണ്ണിക്കൃഷ്ണൻ, പാതമംഗലം, കുപ്പാടി വില്ലേജ്, സുൽത്താൻ ബത്തേരി താലൂക്ക്

6. ശ്രീ. ജോയി, കുത്തുകോണം, കേണിച്ചിറ പി.ഒ., പൂതാടി വില്ലേജ്, സുൽത്താൻ ബത്തേരി താലൂക്ക് .

മേല്പറഞ്ഞ വീട്ടുകാരെല്ലാംതന്നെ പാവപ്പെട്ടവരും സാമ്പത്തിക പ്രയാസം അനുഭവിക്കുന്നവരുമാണ്. അന്നേദിവസം വൈകിട്ട് ജില്ലാ കളക്ടറേറ്റിൽ വച്ച് ദുരിതാശ്വാസ നടപടികളെ സംബന്ധിച്ച് ജില്ലാ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. അതിനുശേഷം ജില്ലയിലെ വിവിധ രാഷ്ട്രീയ കക്ഷി നേതാക്കളും കർഷക പ്രതിനിധികളുമായി ജില്ലയിലെ കർഷകർ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രശ്നങ്ങളെപ്പറ്റി വിശദമായ അവലോകനം നടത്തുകയുണ്ടായി. കർഷകരുടെ ഋണബാദ്ധ്യത ലഘൂകരിക്കുന്നതിനും അവർക്ക് ആശ്വാസം നൽകുന്നതിനും സംസ്ഥാന സർക്കാർ ഇതിനോടകം സ്വീകരിച്ച സുപ്രധാനമായ ചില നടപടികൾ യോഗത്തിൽ വിശദീകരിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ഉടൻ തന്നെ 29-12-2001-നു മുമ്പ് കർഷകർ എടുത്തിട്ടുള്ള കടങ്ങൾക്ക്, ഗവൺമെന്റിൽ നിന്നുള്ളതാണെങ്കിൽ ഒരു വർഷത്തേക്കും സഹകരണ സ്ഥാപനങ്ങളിൽ നിന്നാണെങ്കിൽ ആറു മാസത്തേക്കും മോറട്ടോറിയം നൽകുകയുണ്ടായി. പ്രസ്തുത കാലഘട്ടത്തിലെ വായ്പയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

പലിശയിളവുകളും അനുവദിച്ചു. അതിനുശേഷം 2004-05-ലെ ബജറ്റ് ചർച്ചാ വേളയിൽ പ്രസ്തുത ആനുകൂല്യം വ്യാപിപ്പിക്കുന്നതിനും സർക്കാർ തീരുമാനിക്കുകയുണ്ടായി. അതനുസരിച്ച് 29-12-2001-നുശേഷം എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്കും 23-1-2004 മുതൽ ഒരു വർഷത്തേക്കു കൂടി മോറട്ടോറിയം അനുവദിക്കുകയും പ്രസ്തുത കാലയളവിലെ വായ്പകൾക്ക് പലിശയിളവു നൽകുകയും ചെയ്തിട്ടുണ്ട്. . ഇപ്രകാരം ഈ ആനുകൂല്യം 2005 ജനുവരി 22 വരെ വയനാട് ജില്ല ഉൾപ്പെടെ കേരളത്തിലെ എല്ലാ കർഷകർക്കും ലഭ്യമാണ്.

വരൾച്ച ഏറ്റവും കൂടുതൽ കെടുതികൾ സൃഷ്ടിച്ചത് വയനാട് ജില്ലയിലായിരുന്നു. 2003-04-ൽ കൃഷിനാശത്തിന് നഷ്ടപരിഹാരത്തിനായി പ്രസ്തുത ജില്ലയിൽ നിന്ന് 93,408 അപേക്ഷകൾ കിട്ടി. അവ പരിശോധിച്ചതിൽ നഷ്ടപരിഹാരത്തിന് അർഹതയുള്ളവരായി 43,690 പേരെ കണ്ടെത്തി. അവർക്ക് കേന്ദ്ര മാനദണ്ഡങ്ങളനുസരിച്ച് 5.43 കോടി രൂപ നഷ്ടപരിഹാരമായി നൽകി. ഇനി അഞ്ചു കോടിയിൽപ്പരം രൂപ ഈയിനത്തിൽ നഷ്ടപരിഹാരമായി നൽകേണ്ടതുണ്ട്. ഫുൾ ബജറ്റ് പാസ്സായതിനുശേഷം ബാക്കിത്തുക കൊടുക്കുന്നതിന് അടിയന്തിര നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. 2003-04-ൽ വയനാട് ജില്ലയിൽ സൗജന്യ റേഷൻ വിതരണം ചെയ്തതിലേക്ക് 65 ലക്ഷം രൂപ ചെലവു ചെയ്തിട്ടുണ്ട്. 2004-05-ൽ 2.9 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

വയനാട് ജില്ലയിലെ കർഷകർ ദേശവൽകൃത/കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്ന് 181.76 കോടി രൂപ കടമെടുത്തിട്ടുള്ളതായി വിവരം ലഭിച്ചു. ഇവർക്ക് ആശ്വാസം നൽകുന്നതിന് സത്വര നടപടികൾ കൈക്കൊള്ളുവാൻ ബാങ്കുകൾക്ക് ആവശ്യമായ നിർദ്ദേശം നൽകണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതാണ്.

വയനാട് ജില്ലയിൽ 2004 ജനുവരി ഒന്നിനു ശേഷം നാളിതുവരെ 249 അസ്വാഭാവിക മരണങ്ങൾ ഉണ്ടായിട്ടുണ്ട്. അതിൽ പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആത്മഹത്യാ കേസ്സുകൾ എത്രയെന്നും അതിൽ എത്ര കർഷകരുണ്ടെന്നും അവരിൽ കടക്കെണിമൂലം മരണമടഞ്ഞവർ ആരെല്ലാമെന്നും ജില്ലാ കളക്ടറും ജില്ലാ പോലീസ് സൂപ്രണ്ടും സംയുക്തമായി പരിശോധിച്ച് ലിസ്റ്റ് തയ്യാറാക്കണമെന്ന് സബ് കമ്മിറ്റി നിർദ്ദേശിച്ചു. മേൽ പ്രകാരം തയ്യാറാക്കുന്ന ലിസ്റ്റിൽ സഹായത്തിന് അർഹതയുള്ളതായി ശുപാർശ ചെയ്യപ്പെടുന്ന ഓരോ കുടുംബത്തിനും 50,000 രൂപാവച്ച് അടിയന്തിര സഹായം ഗവൺമെന്റ് നൽകുന്നതാണ്. ഇതിലേക്ക് ആദ്യ ഗഡുവായി ഗവൺമെന്റ് 25 ലക്ഷം രൂപ റിലീസ് ചെയ്യുകയും സഹായം നൽകിത്തുടങ്ങുകയും ചെയ്തിട്ടുണ്ട്.

മറ്റു ജില്ലകളിൽ നിന്നു വ്യത്യസ്തമായി കുരുമുളക്, കാപ്പി എന്നീ രണ്ട് കൃഷികളെ മാത്രം ആശ്രയിക്കുന്ന ഒരു ജില്ലയാണ് വയനാട്. പ്രസ്തുത കാർഷികോത്പന്നങ്ങളുടെ വിലയിടിവു നിമിത്തം ഈ ജില്ലയിലെ കർഷകർ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണ്. സംസ്ഥാന ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക പരിമിതികൾക്കകത്തു നിന്നുകൊണ്ട് ആകാവുന്ന എല്ലാ സഹായങ്ങളും ആശ്വാസ നടപടികളും വയനാട് ജില്ലയുടെ കാര്യത്തിൽ സർക്കാർ കൈക്കൊള്ളുന്നതാണ്.

കേരളത്തിൽ പൊതുവെയും, വയനാട് ജില്ലയിൽ പ്രത്യേകിച്ചും കർഷകർ സാമ്പത്തിക പ്രതിസന്ധിയിലാണ്. വരൾച്ചയെത്തുടർന്നുള്ള കൃഷിനാശം, കാപ്പി, തേയില, കുരുമുളക്, അടയ്ക്ക തുടങ്ങിയ കാർഷികോത്പന്നങ്ങൾക്ക് ഉണ്ടായിട്ടുള്ള വിലത്തകർച്ച, ഋണബാദ്ധ്യത തുടങ്ങിയവയാണ് ഈ പ്രതിസന്ധിയുടെ മുഖ്യ കാരണം. ഈ പശ്ചാത്തലത്തിൽ 50,000 രൂപവരെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്നതാണ്. ഇതിനുംപുറമേ, വരൾച്ചയുടെയും പ്രളയത്തിന്റെയും കെടുതികളിൽപ്പെട്ട് നാശനഷ്ടങ്ങൾ സംഭവിച്ച കർഷകരെ പുനരധിവസിപ്പിക്കുന്നതിനും കാർഷിക മേഖല പുനഃസംഘടിപ്പിക്കുന്നതിനും ഉപയുക്തമായ ഒരു വിപുല പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടത് ആവശ്യമാണെന്ന് ഗവൺമെന്റ് കരുതുന്നു. ഇവയ്ക്കെല്ലാം കേന്ദ്ര സഹായം കൂടിയേ തീരൂ. അതിലേക്ക് ഒരു മെമ്മോറാണ്ടം തയ്യാറാക്കി വരുന്നു. ഈ മാസം 22-ാം തീയതി ക്യാബിനറ്റ് സബ് കമ്മിറ്റി ഡൽഹിക്ക് പുറപ്പെടുന്നതും പ്രധാനമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി തുടങ്ങിയവരെ കണ്ട് കേരളത്തിലെ ഇന്നത്തെ സ്ഥിതിവിശേഷം നേരിട്ട് ബോദ്ധ്യപ്പെടുത്തുന്നതും കേന്ദ്ര സഹായം ആവശ്യപ്പെടുന്നതുമാണ്.

കേന്ദ്ര സഹായത്തിന്റെ അടിസ്ഥാനത്തിൽ ഒരു കർഷകസഹായ പദ്ധതിക്ക് അന്തിമ രൂപം നൽകി സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കുന്നതാണ്.

III ക്രമപ്രശ്നം

റൂൾ 130 അനുസരിച്ച് ചർച്ച അനുവദിക്കണമെന്ന ആവശ്യം

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. റൂൾ 300 അനുസരിച്ച് മന്ത്രി ഒരു പ്രസ്താവന ചെയ്താൽ ആ പ്രസ്താവന സംബന്ധിച്ച് ചോദ്യം ചെയ്യാൻ മെമ്പർമാർക്ക് അവകാശമില്ല. ഇവിടെ ബഹുമാനപ്പെട്ട ജയരാജൻ ഇന്നലെ ഒരു സബ്മിഷൻ എഴുതിക്കൊടുത്തു. അതിന് ഇന്ന് മറുപടി പറയാമെന്ന് ബഹുമാനപ്പെട്ട മന്ത്രി സഭയെ അറിയിച്ചിരുന്നു. പ്രധാനപ്പെട്ട ഈ പ്രശ്നം സംബന്ധിച്ച് റൂൾ 130 അനുസരിച്ച് ഒരു മണിക്കൂർ ചർച്ചയ്ക്കുവേണ്ടി ഞാൻ നോട്ടീസ് നൽകിയിട്ടുണ്ട്. മന്ത്രി ചെയ്ത ഈ പ്രസ്താവനയെ അടിസ്ഥാനമാക്കി അതിനുള്ള സന്ദർഭം ബഹുമാനപ്പെട്ട ചെയർ ഉണ്ടാക്കണം.

.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly